## മിനിട്സ്

എലത്തൂർ നിയമസഭാ നിയോജക മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളെ പറ്റിയുള്ള അവലോകനത്തിനായി 09.07.2021 ന് കോഴിക്കോട് ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

### പങ്കെടുത്തവർ

1. ശ്രീ. എ.കെ. ശശീന്ദ്രൻ, ബഹു. കേരള വനം വകുപ്പ് മന്ത്രി
2. ശ്രീമതി. കെ.പി. ഷീബ, പ്രസിഡണ്ട്, കക്കോടി ഗ്രാമപഞ്ചായത്ത്
3. ശ്രീ. സി.എം. ഷാജി, പ്രസിഡണ്ട്, കാക്കൂർ ഗ്രാമ പഞ്ചായത്ത്
4. ശ്രീ. നൗഷീർ, ചേളന്നൂർ ഗ്രാമ പഞ്ചായത്ത്
5. ശ്രീ. നന്ദകുമാർ.പി.കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
6. ശ്രീമതി. സരിത.എ., പ്രസിഡണ്ട്, കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത്
7. ശ്രീമതി. കെ.ടി. പ്രമീള, പ്രസിഡണ്ട്, തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്
8. ശ്രീ. കെ.കെ. ശിവദാസൻ, വൈസ് പ്രസിഡണ്ട്, തലക്കുളത്തൂർ
9. ശ്രീമതി. ഇന്ദുലേഖ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, കോഴിക്കോ
10. ശ്രീ. രവീന്ദ്രൻ.ടി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രൊജക്ട് ഡിവിഷൻ, കോഴിക്കോട്.
11. ശ്രീമതി. സുപ്രിയറാണി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ, പ്രൊജക്ട് സബ് ഡിവിഷൻ (റൂറൽ), കോഴിക്കോട്.

യോഗം 12.00ന് ആരംഭിച്ചു. വാട്ടർ അതോറിറ്റി കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീമതി. ഇന്ദുലേഖ സ്വാഗതം ആശംസിച്ചു. ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

എലത്തൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷൻ പദ്ധതികളെ സംബന്ധിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർ വിശദീകരിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ടം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു

(Contd --- 2)

കക്കോടി, കുരുവട്ടൂർ പഞ്ചായത്തുകളിൽ നടക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് വിശദീകരണം നടത്തി. ഒന്നാം ഘട്ടത്തിൽ ഭരണാനുമതി ലഭിച്ചതിൽ ഇതേവരെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത ബാക്കി പ്രവൃത്തികൾ ഒന്നിച്ച് ടെണ്ടർ വിളിച്ചിരിക്കുകയാണ്. പ്രസ്തുത ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് ഒന്നാം ഘട്ടത്തിൽ ഭരണാനുമതി ലഭിച്ച മുഴുവൻ പ്രവൃത്തികളും ഈ വർഷം തന്നെ പൂർത്തിയാക്കുന്നതാണെ സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു.

ജലജീവൻ മിഷൻ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടു. താഴെ പറയുന്ന പഞ്ചായത്തുകളിൽ നടന്ന പ്രവർത്ത ങ്ങൾ വാട്ടർ അതോറിറ്റി അസിസ്റ്റന്റ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു.

കാക്കൂർ പഞ്ചായത്തിൽ ഒന്നാം ഘട്ടം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. കാക്കൂർ പഞ്ചായത്തിൽ ബാക്കിയുള്ള 3495 കണക്ഷനുകൾ നൽകാനുള്ള എസ്റ്റിമേറ്റ് ഭരണാനുമ ലഭിക്കുന്നതിനായി സമർപ്പിച്ചു. ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ഇതുവരെ ലഭിച്ചിട്ടില്ല. അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന കാക്കൂർ പഞ്ചായത്ത് പ്രസിഡണ്ട് ആവശ്യപ്പെട്ടു.

ചേളന്നൂർ പഞ്ചായത്തിൽ ഒന്നാം ഘട്ടത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ടെണ്ടർ ചെയ്തു കഴിഞ്ഞു. ടെണ്ടർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ പറഞ്ഞു. കൂടാതെ ബാക്കിയുള്ള 4829 കണക്ഷനുകൾ നൽകാനായി 13.80 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ചേളന്നൂർ കോളേജ് സ്ഥലത്തുകൂടിയുള്ള പൈപ്പ് ലൈൻ പ്രവൃത്തി അടിയന്തിരമായി തുടങ്ങണമെന്ന് ചേളന്നൂർ പഞ്ചായത്ത് പ്രസിഡണ്ട് ആവശ്യപ്പെട്ടു. നിരവധി തവണ മന്ത്രിതല ചർച്ചകൾക്ക് ശേഷമാണ് കോളേജ് അധികൃതർ അനുമതി നൽകിയത്. അതിനാൽ ഉടൻ പ്രവൃത്തി ആരംഭിക്കണമെന്നും പഞ്ചായത്ത് പ്രസിഡണ്ട് ആവശ്യപ്പെട്ടു. ചേളന്നൂർ പ്രവൃത്തി ആരംഭിക്കാനാവശ്യമ പ്രവർത്തനങ്ങൾ നടത്തണമെന്ന് ബഹു. മന്ത്രി വാട്ടർ അതോറിറ്റിയോട്

(Contd ---- 3)

ആവശ്യപ്പെട്ടു. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു.

കക്കോടി പഞ്ചായത്തിൽ ഒന്നാം ഘട്ടത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തികൾക്ക് കരാറുകാരെ ലഭിക്കുകയുണ്ടായില്ല. പിന്നീട് രണ്ട് ചെറു പ്രവൃത്തികളായി ടെണ്ടർ ചെയ്യുകയും, അതിൽ ഒന്നാം റീച്ചിന് ടെണ്ടർ ലഭിക്കുകയും, പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. രണ്ടാം റീച്ച് വീണ്ടും ടെണ്ടർ ചെയ്യുകയും അതുപ്രകാരം ലഭിച്ച ടെണ്ടറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ്. ബാക്കിയുള്ള 1406 കണക്ഷനുകൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതി ലഭിക്കാനായി സമർപ്പിച്ചിട്ടുണ്ടെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു. 2021 മാർച്ച് മാസം ഒന്നാംഘട്ടം പൂർത്തീകരിക്കുമെന്ന് പറഞ്ഞെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ലെന്ന് പഞ്ചായത്ത് പ്രസിഡണ്ട് പറഞ്ഞു. നിലവിൽ പ്രവൃത്തി നടക്കുന്നത് താഴ്ന്ന പ്രദേശങ്ങളിലാണെന്നും വെള്ളത്തിന് ആവശ്യമുള്ള ഉയർന്ന പ്രദേശങ്ങളിൽ കണക്ഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രസിഡണ്ട് ആവശ്യപ്പെട്ടു. ടെണ്ടറിന് കരാറുകാരെ ലഭിക്കാത്തതാണ് പ്രവൃത്തി വൈകാൻ കാരണമെന്നും, പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു.

കുരുവട്ടൂർ പഞ്ചായത്തിൽ ഒന്നാം ഘട്ടത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഭാഗികമായി ആരംഭിച്ചു. ഒന്നാം ഘട്ടത്തിൽ കരാറുകാരെ ലഭ്യമല്ലാത്ത പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുകയുണ്ടായി. ലഭിച്ച ടെണ്ടറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ബാക്കിയുള്ള 2068 കണക്ഷനുകൾ നൽകാനുള്ള 417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭിക്കാനായി സമർപ്പിച്ചിട്ടുണ്ടെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു. കുരുവട്ടൂർ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കണക്ഷൻ കൊടുക്കാനുള്ള പ്രവൃത്തികൾ ഇതേവരെ തുടങ്ങിയിട്ടില്ലെന്ന് പഞ്ചായത്ത് പ്രസിഡണ്ട് പറഞ്ഞു. കുമ്മങ്ങാട്ടുതാഴം - പണ്ടാരപ്പറമ്പ് റോഡിൽ, നരിക്കുനി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവൃത്തി നടന്നുവരികയാണ്. പ്രസ്തുത

(Contd--- 4)

റോഡിൽ പൈപ്പിടാനുള്ള നടപടികൾ സ്വീകരിക്കണമെന്നും പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടു. റോഡിൽ പൈപ്പ് സ്ഥാപിക്കാനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചെങ്കിലും ഇതേവരെ അനുമതി ലഭിച്ചിട്ടില്ലെന്ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിക്കാനായി അടിയന്തിരമായി ഇടപെടണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. കുരുവട്ടൂർ പഞ്ചായത്തിലെ ബാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതോടെ ഉയർന്ന പ്രദേശങ്ങളിലും കണക്ഷൻ ലഭ്യമാക്കുന്നതാണെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു.

തലക്കുളത്തൂർ പഞ്ചായത്തിൽ ഒന്നാം ഘട്ടം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും കരാറുകാരെ ലഭിച്ചില്ല. പ്രവൃത്തി മറ്റു പഞ്ചായത്തുകളുടെ പ്രവൃത്തികളുമായി സംയോജിപ്പിച്ച് ടെണ്ടർ വിളിക്കുകയും, അതുപ്രകാരം ലഭിച്ച ടെണ്ടർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പറഞ്ഞു. എന്നിരുന്നാലും സ്റ്റീഫൻകുന്ന് ടാങ്കിൽ നിന്നും പുറത്തേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള തടസ്സം മാറേണ്ടതുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടുന്ന സ്ഥലത്തെ സംബന്ധിച്ചുള്ള തർക്കം കോടതിയിലാണ്. പ്രസ്തുത തടസ്സം പരിഹരിക്കാനായി സ്ഥലമുടമയായ ശ്രീ. അനിൽ സ്റ്റീഫനുമായി സംസാരിക്കുകയുണ്ടായിയെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കാൻ കോടതിയിലെ കേസ്സ് തടസ്സമാണ്. കേസ്സ് പിൻവലിക്കാൻ സ്ഥലത്തിന്റെ ഉടമയുമായി സംസാരിച്ച് പരിഹരിക്കാൻ കഴിയുമോയെന്ന് ശ്രമിക്കാമെന്ന് മന്ത്രി അറിയിച്ചു. പഞ്ചായത്ത്, വാട്ടർ അതോറിറ്റി, സ്ഥല ഉടമ എന്നിവരുടെ യോഗം ഉടൻ വിളിച്ചു ചേർക്കാൻ തീരുമാനിച്ചു. തലക്കുളത്തൂർ പഞ്ചായത്തിൽ ബാക്കിയുള്ള 1307 കണക്ഷനുകൾ നൽകാനായി 499 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് രണ്ടാം ഘട്ട ഭരണാനുമതി ലഭിക്കാനായി സമർപ്പിച്ചിട്ടുണ്ടെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു.

കോഴിക്കോട് കോർപ്പറേഷനിൽ ഉൾപ്പെടുന്ന പഴയ എലത്തൂർ പഞ്ചായത്ത് പ്രദേശങ്ങളിൽ ജലവിതരണം നടത്തേണ്ടതും സ്റ്റീഫൻകുന്ന് ടാങ്കിൽ നിന്നാണ്. അവിടെ നിന്നും പുറത്തേക്ക് വെള്ളം കൊണ്ടുപോകുന്ന

(Contd --- 5)

പൈപ്പ് സ്ഥാപിക്കുന്നതും നിയമതടസ്സത്തിലാണ്. എലത്തൂർ മേഖലയിലെ വിതരണശൃംഖല വളരെ പഴകിയതാണ്. പുതുതായി സ്ഥാപിച്ച വിതരണ ശൃംഖല പൂർണ്ണമായി കമ്മീഷൻ ചെയ്താൽ മാത്രമേ എലത്തൂർ മേഖലയി പ്രശ്നങ്ങൾക്ക് പരിഹാരമാകൂ എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീ അറിയിച്ചു. പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടാതിരിക്കാൻ നിലവിലെ വിതരണശൃംഖലയിൽ വാൽവുകൾ സ്ഥാപിക്കണമെന്ന് കൗൺസിലർമാർ ആവശ്യപ്പെട്ടു. അതുപ്രകാരം പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ വാൽവുകൾ സ്ഥാപിക്കാമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

നിലവിൽ ടെണ്ടർ ചെയ്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടു.

യോഗം 1.10ന് അവസാനിച്ചു.

അദ്ധ്യക്ഷൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ
കേരള ജല അതോറിറ്റി
പ്രോജക്ട് ഡിവിഷൻ, കോഴിക്കോട്.